**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1010** **14-10-2026-ൽ മറുപടിയ്ക്ക്**

**ചാലിൽ ഗോപാലപേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ (ആർ.ഐ.ഡി.എഫ്. XXIX) ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചാലിൽ ഗോപാലപേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് XXIXപദ്ധതിയിൽ ഉൾപ്പെടുത്തി 1115 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കുന്ന ചാലിൽ ഗോപാൽപ്പേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി ഏകദേശം 74% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ ഓക്ഷൻ ഹാൾ, 2 ഷെഡുകൾ, ഷോപ്പ് & ലോക്കർ റൂം, ഓവർ ഹെഡ് ടാങ്കിന് സമീപമുള്ള ഷോപ്പ് റൂം, കോമ്പൗണ്ട് വാൾ, എൻട്രൻസ് ഗേറ്റ്, ബ്യൂട്ടിഫിക്കേഷൻ & ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ഓക്ഷൻ ഹാൾ, 2 ഷെഡുകൾ, ഷോപ്പ് & ലോക്കർ റൂം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഓവർ ഹെഡ് ടാങ്കിന് സമീപമുള്ള ഷോപ്പ് റൂമിന്റെയും എൻട്രൻസ് ഗേറ്റിന്റെയും സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കോമ്പൗണ്ട് വാൾ, ഇലക്ട്രിഫിക്കേഷൻ, ബ്യൂട്ടിഫിക്കേഷൻ എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എത്ര കാലതാമസം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് XXIX പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രസ്തുത പ്രവൃത്തി 2027 മെയ് മാസത്തോടെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**